## പദ്മശ്രീ സുധാ വർഗീസിനോടൊപ്പം ഒരു നിമിഷം

ഇന്ത്യൻ ജാതി വ്യവസ്ഥയിലെ ഏറ്റവും താഴെക്കിടയിലുള്ള മുസഹർ വർഗ്ഗത്തോടൊപ്പം  സിസ്റ്റർ സുധാ വർഗീസ് 35 വർഷങ്ങൾക്കു മുൻപ് പ്രവർത്തനമാരംഭിക്കുമ്പോൾ അവരിലാർക്കും എഴുത്തും വായനയും അറിയില്ലായിരുന്നു.
തികച്ചും അടിച്ചമർത്തപ്പെട്ട, ബീഹാരി ജമീൻദാരികളുടെ മുൻപിൽ ഓഛാ നിച്ചു നിന്നിരുന്ന, അവരുടെ പീഠനങ്ങൾക്ക് ഇരകളാകുവാൻ മാത്രം വിധിക്കപ്പെട്ടിരുന്ന ഒരു സമൂഹം.

സാമൂഹ്യ പരിവർത്തനം സ്ത്രീകളി ലൂടെ യാണു സാധ്യമാവുക എന്ന് വിശ്വസിച്ചിരുന്ന സുധാ വർഗീസ് അവരോടൊപ്പം താമസിച്ച് നാരീ ഗുന്ജൻ എന്ന വനിതാ സംഘടനക്കു രൂപം കൊടുത്തുകൊണ്ട് മുസഹർ പെണ്കുട്ടികൾക്കു വേണ്ടി വിദ്യാലയങ്ങൾ തുടങ്ങുകയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരായി അവരെ സംഘടിപ്പിക്കുകയും ചെയ്തു.

35 വർഷത്തെ വിശ്രമരഹിതമായ പ്രവർത്തനം അവരിൽ വരുത്തിയ മാറ്റം അത്ഭുതാവഹമായിരുന്നു.

ദേശീയ അന്തർ ദേശീയ തലങ്ങളിൽ സ്വർണ മെഡലുകൾ വാരി കൂട്ടുന്ന കരാട്ടെ താരങ്ങൾ, ബീഹാറിലെ ആഘോഷങ്ങൾക്ക് കൊഴുപ്പേകുന്ന ചെണ്ടമേളക്കാർ, ദേശീയ കായികമേളകളിൽ പുരസ്കാരങ്ങൾ , വിദ്യാഭ്യാസയോഗ്യത നേടിയ മുസഹർ വനിതകൾ ഇവരെയെല്ലാം ആ അധകൃത വർഗത്തിൽ നിന്നും സുധാ വർഗീസ് വാർത്തെടുത്തു .

സാനിട്ടറി നാപ്കിൻ പ്രൊഡ്യുസിങ്ങ് യുണിറ്റ്,ഫുഡ് പ്രോസ്സസ്സിംഗ് യുണിറ്റ്, ആനിമൽ ഹസ്ബണ്ട റി , കൃഷി ത്തോട്ടങ്ങൾ, പഴം പച്ച ക്കറി വിൽപന തുടങ്ങിയവയിലൂടെ മുസഹർ സ്ത്രീകൾ ഇന്ന് സ്വയംപര്യാപ്ത്തത നേടിക്കൊണ്ടിരിക്കുന്നു.

സിസ്റ്റർ സുധാ വർ ഗീസിന്റെ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി 2006 ൽ പദ്മശ്രീ നൽകി രാഷ്ട്രം അവരെ ആദരിച്ചു. ഗോദറെജ് ഫിലിപ്സ് ലൈഫ് ടൈം അവാർഡ് ,ബീഹാർ സമ്മാൻ അവാർഡ്, അബ്ദുൾ കലാം ആസാദ് ഫോർ എജ്യുകേഷൻ അവാർഡ് ,ഗുഡ് സമരിറ്റൻ അവാർഡ് തുടങ്ങിയവയും സുധാ വർഗീസിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്.

ബീഹാറിലെ മൈനോരിറ്റി കമ്മീഷൻ വൈസ് ചെയർമാൻ സ്ഥാനത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സുധാ വർഗീസ് സ്ത്രീകൾ ക്കെതിരായ അതിക്രമങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുന്നു.

സിസ്റ്റർ സുധാ വർ ഗീസിന്റെ അനുഭവങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ,കാഴ്ചപ്പാടുകൾ നിർദേശങ്ങൾ തുടങ്ങിയവ പരസ്പരം കൈമാറുവാൻ, സംവാദിക്കുവാൻ എവർക്കും സ്വാഗതം.